## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം. 63 — 26.09.2011-ൽ മറുപടിയ്ക്ക്

### പി.എസ്.സി ചെയർമാനെതിരെയുള്ള ആക്ഷേപങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ഇപ്പോഴത്തെ പി.എസ്.സി. ചെയർമാൻ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ആയിരിക്കേ, അദ്ദേഹത്തിനെതിരെ ഉയർന്ന ആക്ഷേപങ്ങൾ എന്തൊക്കെയായിരുന്നു; | (എ) | ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വ കലാശാല വൈസ് ചാൻസലർ ആയിരുന്ന ശ്രീ. കെ.എസ്. രാധാകൃഷ്ണനെതിരായി ധനകാര്യ സ്പെഷ്യൽ ആഡിറ്റ് ടീം നടത്തിയ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമന/ധനകാര്യ ക്രമക്കേടുകൾ സംബന്ധിച്ച ആക്ഷേപങ്ങളിൽ 7/2/2008-ൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിരുന്നു. |
| (ബി) | ആക്ഷേപങ്ങളെ സംബന്ധിച്ച അന്വേഷണങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റി ആക്ടിലെ ചാപ്റ്റർ X സെക്ഷൻ 48 (2) വ്യവസ്ഥകൾക്ക് വിധേയമായി ഒരു വിജിലൻസ് അന്വേഷണം നടത്തുവാൻ അനുമതി നൽകണമെന്ന് വിജിലൻസ് ഡയറക്ടർ പിന്നീട് ശുപാർശ ചെയ്തിരുന്നു. മേൽ പറഞ്ഞ വകുപ്പു പ്രകാരം നോട്ടീസ് നൽകിയിട്ടു മാത്രമേ ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ സർക്കാരിന് അന്വേഷണം നടത്തുവാൻ കഴിയുകയുള്ളൂ. ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിനെതിരെ ശ്രീ. കെ.എസ്. രാധാകൃഷ്ണൻ കേരള |

ഹൈക്കോടതിയിൽ സിവിൽ റിട്ട് പെറ്റീഷൻ നം. 16188/2008 ഫയൽ ചെയ്യുകയും ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റി ആക്ടിലെ ചാപ്റ്റർ X സെക്ഷൻ 48 (2) വ്യവസ്ഥ പാലിച്ച് നോട്ടീസ് നൽകാത്തതിനാൽ ധനകാര്യ ഇൻസ്പെക്ഷൻ റിപ്പോർട്ടിൻമേലുള്ള തുടർ നടപടികളിൽ നിന്ന് വിലക്കിക്കൊണ്ട് 3.12.2008-ൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ 7.2.2008-ൽ ഉത്തരവായിരുന്ന വിജിലൻസ് അന്വേഷണം സർക്കാർ പിൻവലിച്ചു.

സെക്ഷൻ ഓഫീസർ